പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1797 **26-10-2026-ൽ മറുപടിയ്ക്ക്**

പി.എസ്.സി. മുഖേനയുള്ള ഹോമിയോപ്പതി കോളേജ് അസോസിയേറ്റ് പ്രൊഫസർ നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ടി. സൂരജ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും ഉത്തരവുകൾ പി.എസ്.സി. പാലിച്ചില്ലെന്ന പരാതിയെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്തെ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് OP(KAT) 470/2024 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 21/03/2025 തീയതിയിലെ വിധിന്യായവും ഈ വിധിന്യായത്തെ ശരിവച്ചുകൊണ്ടുള്ള SLP(C) No. 17152/2025, SLP(C) No. 18971/2025 നമ്പർ കേസുകളിലെ ബഹു. സുപ്രീംകോടതിയുടെ 27/07/2026 -ലെ ഉത്തരവുംപ്രകാരം, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 16/08/2023 -ലെ ഒറിജിനൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടത് OP(KAT) No. 470/2024 നമ്പർ കേസിലെ ഒന്നാം എതിർകക്ഷിയായ കേരള പബ്ലിക് സർവീസ് കമ്മീഷൻ ആണ്. ഇതു സംബന്ധിച്ച പരാതികൾ സർക്കാരിൽ ലഭിച്ചതിനെ തുടർന്നും, ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കാത്തതിനെതിരെ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിലും, OP(KAT) No. 470/2024 നമ്പർ കേസിലെ ബഹു ഹൈക്കോടതിയുടെ 21/03/2025 -ലെ വിധിന്യായം പാലിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 2023-ൽ പി.എസ്.സി. പ്രസ്തുത തസ്തികയിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ നിശ്ചയിച്ചിരുന്ന യോഗ്യതയും പ്രവൃത്തിപരിചയവും രണ്ടുമാസത്തിനുശേഷം തിരുത്തിയിരുന്നോ; വിശദമാക്കുമോ;

മറുപടി: കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് മെഡിക്കൽ എജ്യൂക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് സ്പെഷ്യൽ റൂൾസ്, 2019 പ്രകാരമുള്ള യോഗ്യതകൾ ഉൾപ്പെടുത്തി ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേക്ക് 16/08/2023 -ൽ കേരള പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ടി വിജ്ഞാപനം പ്രകാരം, ഹോമിയോപ്പതിയിൽ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയുടെ അംഗീകാരമുള്ള ബിരുദാനന്തര ബിരുദവും, കേരളത്തിലെ അംഗീകൃത ഹോമിയോ മെഡിക്കൽ കോളേജുകളിലോ മറ്റ് സംസ്ഥാനങ്ങളിലെ സർക്കാർ അംഗീകൃത ഹോമിയോ മെഡിക്കൽ കോളേജുകളിലോ 4 വർഷത്തെ

അധ്യാപന പരിചയവും, തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിലിന്റെ (TCMC) സ്ഥിര രജിസ്ട്രേഷനും യോഗ്യതയായി നിഷ്കർഷിച്ചിരുന്നു.

എന്നാൽ 16/08/2023 -ലെ വിജ്ഞാപനത്തിലെ യോഗ്യതാ വ്യവസ്ഥകൾ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (CCH) ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന ചൂണ്ടിക്കാട്ടി ചില ഉദ്യോഗാർത്ഥികൾ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) No. 1554/2023 പ്രകാരം കേസ് ഫയൽ ചെയ്യുകയും, CCH റഗുലേഷന് അനുസൃതമായി erratum നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമെന്ന് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ നിലപാടെടുത്തതിനെ തുടർന്ന് ബഹു. ട്രൈബ്യൂണൽ ടി കേസ് തീർപ്പ് കല്പിക്കുകയും ചെയ്തു. തുടർന്ന് CCH റെഗുലേഷൻസ് 2013 പ്രകാരമുള്ള യോഗ്യതകൾ ഉൾപ്പെടുത്തി 16/11/2023 -ൽ പി.എസ്.സി erratum നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

16/11/2023 -ലെ erratum വിജ്ഞാപനം പ്രകാരം, ഹോമിയോപ്പതിയിൽ ബിരുദാനന്ത ബിരുദവും, ഡിഗ്രി ലെവൽ ഹോമിയോപ്പതി കോളേജിലെ 4 വർഷത്തെ അധ്യാപന പരിചയവും യോഗ്യതയായി നിഷ്കർഷിച്ചുകൊണ്ടും, TCMC സ്ഥിര രജിസ്ട്രേഷൻ വേണമെന്ന നിബന്ധന ഒഴിവാക്കിയും യോഗ്യതകളിൽ ഭേദഗതി വരുത്തി. ടി erratum വിജ്ഞാപനത്തെ ചോദ്യം ചെയ്തുകൊണ്ട് ഫയൽ ചെയ്ത OA(EKM) No. 675/2024 നമ്പർ കേസ് 24/09/2024 -ലെ ഉത്തരവ് പ്രകാരവും, സമാനമായ OA No.1638/2024 നമ്പർ കേസ് 23/10/2024 -ലെ ഉത്തരവു പ്രകാരവും ബഹു. ട്രൈബ്യൂണൽ തള്ളിക്കളഞ്ഞു. തുടർന്ന് ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ OP(KAT) No. 496/2024, OP(KAT) No. 470/2024 എന്നീ കേസുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. ടി കേസുകളിലെ 21/03/2025 -ലെ സംയുക്ത വിധിന്യായം പ്രകാരം ബഹു. ഹൈക്കോടതി ടി erratum വിജ്ഞാപനം റദ്ദാക്കുകയും 16/08/2023 -ലെ ഒറിജിനൽ വിജ്ഞാപനം പ്രകാരം നിയമന നടപടികളുമായി മുന്നോട്ടു പോകാൻ പി.എസ്.സി -യോട് നിർദ്ദേശിക്കുകയും ചെയ്തു. ബഹു. ഹൈക്കോടതിയുടെ 21/03/2025 -ലെ വിധിക്കെതിരെ സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ട SLP(C) No. 17152/2025, SLP(C) No. 18971/2025 നമ്പർ കേസുകളിൽ വാദം കേട്ട ബഹു. സുപ്രീംകോടതി കേസിലെ അന്തിമ വിധിയ്ക്ക് വിധേയമായി നിയമന നടപടികളുമായി മുന്നോട്ടു പോകാമെന്ന് ഉത്തരവായി. ഇതിനെത്തുടർന്ന് പി.എസ്.സി സർക്കാരിന് നൽകിയ അഡ്വൈസ് മെമ്മോകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ച എല്ലാ നിയമന ഉത്തരവുകളിലും, മേൽ പരാമർശിച്ച OA, SLP കളിലെ അന്തിമ വിധിക്ക് വിധേയമായിരിക്കും ഇവരുടെ നിയമനമെന്ന് വ്യക്തമാക്കിയിരുന്നു. മേൽ സൂചിപ്പിച്ച SLP -കളിലെ ബഹു. സുപ്രീംകോടതിയുടെ 27/07/2026 -ലെ ഉത്തരവുപ്രകാരം, OP(KAT) No. 470/2024 -ലെ വിധിന്യായം പ്രകാരം 16/11/2023 -ലെ erratum വിജ്ഞാപനം റദ്ദാക്കിയ ബഹു. ഹൈക്കോടതിയുടെ വിധിന്യായം ശരിവയ്ക്കുകയുണ്ടായി.

OP(KAT) 470/2024 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 21/03/2025 തീയതിയിലെ വിധിന്യായം പ്രകാരം 16/08/2023 -ലെ ഒറിജിനൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടത് ടി കേസിലെ ഒന്നാം എതിർകക്ഷിയായ കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ്. കമ്മീഷനിൽ നിന്നും ഇതു സംബന്ധിച്ച് അറിയിപ്പുകളോ നിർദ്ദേശങ്ങളോ ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത വിധിന്യായം പാലിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇക്കാര്യത്തിൽ പി.എസ്.സി സ്വീകരിക്കുന്ന തുടർനടപടികൾക്കനുസരിച്ച് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി കൈക്കൊള്ളാൻ കഴിയുന്നതാണ്.

(സി) ഇതനുസരിച്ച് നടത്തിയ പരീക്ഷയിലും അഭിമുഖത്തിലും യോഗ്യതയില്ലാത്ത നിരവധി പേർ ഇടംപിടിച്ചെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കുമോ; വ്യക്തമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ